**KSFE**

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 03/10/2022

## സർക്കുലർ നമ്പർ 73/2022 (BD)

വിഷയം: KYC നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നമ്പർ 110/2008 (IAD) dt. 17/11//2008.
2. സർക്കുലർ നമ്പർ 64/2016(BD) dt. 23/12/2016.
3. സർക്കുലർ നമ്പർ 71/2020 (IAD) dt. 13/12/2020.

*****

സൂചന (3) പ്രകാരം പുതുതായി വരുന്ന ഇടപാടുകാരിൽ നിന്നും സൂചന (2) ൽ നിർദ്ദേശിച്ചിട്ടുള്ള KYC രേഖകൾ ശേഖരിച്ച ശേഷം മാത്രമേ ഇടപാടുകൾ നടത്താവൂ എന്ന് നിർദ്ദേശിച്ചിരുന്നു. എങ്കിലും പല ശാഖകളും, വിശിഷ്യാ ചിട്ടിയിൽ, പ്രസ്തുത രേഖകൾ ശേഖരിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. KYC രേഖ എന്നത് കമ്പനിയെ സംബന്ധിച്ചിടത്തോളം ഇടപാടുകാരുടെ വ്യക്തിപരവും സാമൂഹ്യവുമായ അസ്തിത്വത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ഒന്നായതുകൊണ്ട് അവ ശേഖരിക്കുന്നതിലും ആവശ്യം വരുമ്പോഴൊക്കെ പുതുക്കുന്നതിലും ഒരു കാരണവശാലും അലംഭാവം കാണിക്കുവാൻ പാടുള്ളതല്ല. ഈ രാജ്യത്തെ സാമ്പത്തിക ഇടപാടുകളെ നിയന്ത്രിക്കുന്നതിൽ അവസാനവാക്കായ RBI ഇക്കാര്യത്തിൽ തന്ന കർശന നിർദ്ദേശങ്ങളുടെ ഗൗരവം ഉൾക്കൊണ്ടാണ് കമ്പനി മേൽ സൂചന പ്രകാരമുള്ള നിർദ്ദേശങ്ങൾ ശാഖകൾക്ക് നൽകിയിട്ടുള്ളത്. അത് അതേ ഗൗരവത്തിൽ ഉൾക്കൊള്ളേണ്ടതും ശാഖകൾ അതിനനുസരിച്ച് പ്രവർത്തിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

മേൽപ്പറഞ്ഞ തരത്തിലുള്ള വീഴ്ച ആവർത്തിക്കാതിരിക്കാനായി, പുതുതായി തുടങ്ങുന്ന ചിട്ടികളിൽ KYC രേഖകൾ അപ്‌ലോഡ് ചെയ്യാത്ത കേസുകളിൽ ചിട്ടി Subscribers Register ൽ പ്രസ്തുത വ്യക്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുന്ന വിധം നമ്മുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതാണ് എന്ന വിവരം കൂടി അറിയിക്കട്ടെ. ചിട്ടി രജിസ്റ്റർ ചെയ്യുന്നതിന് Subscribers Register അനിവാര്യമായതു കൊണ്ട് മുഴുവൻ ഇടപാടുകാരുടേയും KYC രേഖകൾ അപ്‌ലോഡ് ചെയ്യാത്ത പക്ഷം രജിസ്ട്രേഷന് ആവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കാതെ വരും . ഇത് ഒഴിവാക്കുവാനായി ചിട്ടിയിൽ ചേർക്കുമ്പോൾ തന്നെ വരിയോലയ്ക്ക് ഒപ്പം KYC രേഖകളും ശേഖരിക്കേണ്ടതാണ്. കൂടാതെ ഏതു ഇടപാടുകൾക്കും KYC രേഖകൾ നിർബന്ധിതമായതു കൊണ്ട് അവ യഥാസമയം ശേഖരിക്കാനും കാലാകാലങ്ങളിൽ പുതുക്കുവാനും ഫയൽ ചെയ്ത് സൂക്ഷിക്കുവാനും പ്രത്യേക ശ്രദ്ധ ഒന്നുകൂടി ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ

Confidential